# 5 ഓണമുറ്റത്ത്

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

**1911 - 1985**

**വിട എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്ത കവിത**

- ശ്രീ- തൂലികാ നാമം.
- എല്ലുറപ്പുള്ള കവി, അന്തഃസംഘർഷത്തിന്റെ കവി എന്നിങ്ങനെയെല്ലാം വിശേഷിപ്പിക്കപ്പെടുന്നു.
- കാച്ചിക്കുറുക്കിയ കവിതകൾ. നിരവധി ബിംബകൽപനകൾ കൊണ്ട് ആശയങ്ങളെ സമർത്ഥമായി കുറുക്കിയെടുത്ത കവിതകളാണ് ഇദ്ദേഹത്തിന്റേത്.
- ശാസ്ത്ര അധ്യാപകനായിരുന്നതിനാൽ കാല്പനികഭാവന അതിരു കടക്കാതെ യുക്തിയുടെയും യാഥാർത്ഥ്യത്തിന്റെയും അടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നത് വൈലോപ്പിള്ളി കവിതകളിൽ കാണാം. കൂടാതെ കവിതകളിൽ ശാസ്ത്രീയ വീക്ഷണവും മനുഷ്യവർഗ പ്രേമവും ഒത്തിണങ്ങിയിരിക്കുന്നു.
- ജീവിതാനുഭവങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ പച്ചയായി അവതരിപ്പിക്കാൻ കവി ശ്രമിച്ചിരുന്നു.
- ഏത് കാഴ്ചയുടെയും മറുപുറം കാണാൻ വൈലോപ്പിള്ളി ശ്രമിച്ചിരുന്നു. പുള്ളിമാൻ ഓടിവരുമ്പോൾ നമ്മളെല്ലാം അതിന്റെ ഭംഗി ആസ്വദിക്കുമ്പോൾ വൈലോപ്പിള്ളി അതിന്റെ പിന്നാലെ ഓടി എത്തുന്ന പുലിയെ കാണാതിരിക്കില്ല.നാം വസന്തത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വൈലോപ്പിള്ളി അതിൽ വസൂരി രോഗാണുക്കളെയും കാണുന്നു.
- മനുഷ്യജീവിതത്തിൽ പടർന്നു കയറി വിശ്വമാകെ വ്യാപിച്ചു നിൽക്കുന്ന കാവ്യപ്രപഞ്ചമാണ് വൈലോപ്പിള്ളി കവിതയുടേത്.
- മനുഷ്യനിലുള്ള വിശ്വാസം എപ്പോഴും ഉയർത്തിപ്പിടിച്ചു.
- പാവങ്ങളുടെ ക്ലേശങ്ങളെക്കുറിച്ചെഴുതുക തന്റെ മനസ്സിന്റെ സവിശേഷ പ്രവണതയായിരുന്നു.(വൈലോപ്പിള്ളി- മകരക്കൊയ്ത്ത് എന്ന സമാഹാരത്തിന്റെ ആമുഖത്തിൽ എഴുതിയതാണ് ഇത്.)
- ആമ്പലുകൾ നിറഞ്ഞ് സുന്ദരമായ പൊയ്കയല്ല. ജീവിതാനുഭവങ്ങളുടെ കടലാണ് തന്റെ കവിതയ്ക്കുള്ള മഷിപ്പാത്രം എന്ന് കവി പറയുന്നു.
- മലയാളകവിതയിലൊരു യുഗപരിവർത്തനത്തിന്റെ ഹരിശ്രീയായ കവിനാദങ്ങളിൽ ശ്രീ തന്നെയാണ് അദ്ദേഹം - ഡോ.എം.ലീലാവതി
- വൈലോപ്പിള്ളിയുടെ ഓണക്കിനാവ്, ഓണപ്പാട്ട്,ഓണപ്പാട്ടുകാർ,അഭിവാദനം എന്നീ കവിതകൾ ഓണമുറ്റത്ത് എന്ന കവിതയ്ക്കൊപ്പം വായിക്കണം.
- കേരളീയ ഗ്രാമങ്ങളും അവയുടെസൗന്ദര്യവും  കാർഷിക സംസ്കാരവും വൈലോപ്പള്ളിക്കവിതകളുടെ നൂലിഴകളായിരുന്നു.കവിതകളുടെ പേരുകളിലധികവും കൃഷിയുമായി ബന്ധപ്പെട്ടവയാണ്


## ഓണമുറ്റത്ത്.

പാതാളത്തിൽ ചവിട്ടിത്താഴ്ത്തപ്പെട്ടെങ്കിലും ഒരു സുവർണ്ണയുഗവുമായി മഹാബലി കടന്നുവരുമെന്ന പ്രതീക്ഷ വൈലോപ്പിള്ളി ഓണമുറ്റത്ത് എന്ന കവിതയിൽ പുലർത്തുന്നുണ്ട്. ഇതിൽ പറയുന്ന പുള്ളുവൻ കവി തന്നെയാണ്. കവിയുടെ സങ്കൽപത്തിൽ ഭൂമിയിലും പാതാളത്തിലുമായി ആവർത്തിക്കപ്പെടുന്ന സമത്വ സുന്ദരവും മാനവികവുമായ മനോഹര കാലഘട്ടമാണത്.എല്ലാവരും സമന്മാരായി ജീവിക്കുന്ന ഏകത്വഭാവം. ഭൂതകാലവും,വർത്തമാന കാലവും ഭാവികാലവും ഈ കവിതയിൽ ലയിച്ചു ചേരുന്നതു കാണാം. പുതുയുഗത്തിൽ നഷ്ടപ്പെട്ട മൂല്യങ്ങളെല്ലാം തിരിച്ചറിയുന്നതിനൊപ്പം ഒരിക്കലും തളരാത്ത പ്രതീക്ഷ കവിതയിൽ വൈലോപ്പിള്ളി പ്രകടമാക്കിയിരിക്കുന്നു.നാഗരികതയുടെ കടന്നുവരവോടെ ഗ്രാമ മനസ്സുകളിൽ നഷ്ടമാകുന്ന നന്മകളെ തിരിച്ചെടുക്കാനുള്ള ശ്രമമാണ് വൈലോപ്പിള്ളി നടത്തുന്നത്. അതിനാൽ തന്നെ ഓണക്കാലത്ത് നമ്മെ കാണാനെത്തുന്ന മാവേലിത്തമ്പുരാന്റെ കടന്നുവരവ് മാലോകരെ അറിയിക്കുന്ന പുള്ളുവനായി കവി മാറുന്നു.ആധുനിക നാഗരിക സംസ്കാരത്തിൽ ജീവിക്കുന്ന പച്ച പരിഷ്കാരികൾ പരിഹസിച്ചാലും തന്റെ ആത്മാഭിമാനം തകരില്ല എന്ന ബോധം കവിയ്ക്കു തന്നെയുണ്ട്. ഒരിക്കലും തളരാത്ത സങ്കൽപങ്ങളാണ് ഗ്രാമജീവിത ധന്യതയെക്കുറിച്ച് കവിക്കുള്ളത് എന്നത് ശ്രദ്ധേയമാണ്.

ഈ കവിതയുടെ ആദ്യ ഭാഗത്ത് ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങിനിൽക്കുന്ന കേരളീയപ്രകൃതിയെയും പിന്നീട് ഓണപ്പാട്ടുകൾ പാടി അലഞ്ഞു തിരിഞ്ഞ പുള്ളുവനെയും അയാളുടെ ചിന്തകളെയും അവതരിപ്പിക്കുന്നു.

**കട്ടിയുള്ള അക്ഷരത്തിൽ കൊടുത്തിരിക്കുന്നത് കവിതയുടെ നേരിട്ടുള്ള ആശയമാണ്.അതിനു താഴെയായി വരികളുടെ വിശദമായ പഠനം നൽകിയിരിക്കുന്നു. അവ നന്നായി വായിക്കണേ.....**

## വരികളുടെ ആശയം.



1. ഈ മലനാട്ടിൻ......................... പാവനഭാവം

**ഈ മലനാടിന്റെ വായുവിൽ മധുരവും ഉദാരവുമായ ഒരു വികാരമുണ്ട്.മഞ്ഞാൽ ഈറനുടുത്ത പരിശുദ്ധമായ ഭാവമാണത്.**

ഈറൻ - നനഞ്ഞ      പാവനം - പരിശുദ്ധം

കേരളം പ്രകൃതിസുന്ദരമായ നാടാണ്. വയലുകളും സസ്യലതാദികളും നിറഞ്ഞ നാട്. അങ്ങനെയുള്ള മലയാള നാട്ടിൽ അലയടിച്ചെത്തുന്ന കാറ്റിൽ മധുരവും ഉദാരവുമായ ഒരു വികാരം നിറഞ്ഞിരിക്കുന്നു.മഞ്ഞിന്റെ തണുപ്പും പൂക്കളുടെ ഗന്ധവും കുളിർമയുമുള്ളതാണത്.മലയാളി അവരുടെ ഹൃദയത്തോട് ചേർത്തുവെച്ച ഈ അനുഭവങ്ങളുടെയെല്ലാം ചേർച്ചയായ മധുരമായ വികാരം ഓണം തന്നെയാണ്. പ്രകൃതി മഞ്ഞിൽ കുളിച്ച് സുന്ദരിയായി നിൽക്കുന്നു പുലർകാലത്ത് പുകപടലം പോലെ മഞ്ഞ് നിറഞ്ഞുനിൽക്കുന്നതു കാണാം. ഇതിനെ മഞ്ഞാൽ ഈറനുടുത്ത പരിശുദ്ധഭാവമായി കവി സങ്കൽപിക്കുന്നു. മലയാള നാട് അണിഞ്ഞിരിക്കുന്ന ഈറൻ വസ്ത്രമായാണ് കവി ഇതിനെ കൽപ്പിച്ചിരിക്കുന്നത്..(ഓണനാളിൽ കുളിച്ച് ഈറനുടുത്ത് ഭക്തിയോടെ നിന്ന മലയാളി സ്ത്രീകളുടെ ചിത്രം തന്നെ പ്രകൃതിക്കും നൽകിയിരിക്കുന്നു.)

2. മഴകൊണ്ടാലും...............മേടുകൾതോറും(*തുമ്പച്ചെടിയുടെ വർണ്ണന*)

**മഴകൊണ്ടാലും പാവം തുമ്പകൾ പൂക്കുടയിൽ പൂക്കൾ നിറച്ച് തണുത്തുവിറച്ച് മേടുകൾതോറും നിൽക്കുന്നു.**

മലർ - പൂവ്

ചിങ്ങത്തിൽ ചിനുങ്ങിപ്പെയ്യുന്ന മഴയത്ത് തണുത്ത് വിറച്ച് പറമ്പിലെല്ലാം പൂവിട്ടുനിൽക്കുന്ന തുമ്പച്ചെടിയെ പൂവൊരുക്കി പൂക്കുടയിൽ പൂനിറച്ച് മാവേലി മന്നനെ വരവേൽക്കാൻ കാത്തു നിൽക്കുന്ന മനുഷ്യരുടെ ചിത്രത്തിന് സമാനമായി അവതരിപ്പിച്ചിരിക്കുന്നു.( പൂക്കുട നിറച്ച് ഒരുങ്ങിനിൽക്കുന്ന മനുഷ്യന്റെ ചിത്രത്തിലേക്കാണ് പ്രകൃതിയെയും കവി കൊണ്ടു പോകുന്നത്. ഈ വർണനയിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അതിരുകൾ ഇല്ലാതാവുന്നു.)

3.തിരികൾ തെറുത്തു...........നറുമുക്കുറ്റികൾ(*മുക്കുറ്റിയുടെ വർണ്ണന*)

**തിരികൾ തെറുത്ത് കൊളുത്താൻ പറ്റിയ മുഹൂർത്തം നോക്കി കുഴഞ്ഞ് മടങ്ങിയ കൈവിരലോടെ ദീപക്കുറ്റികൾ നാട്ടി ഇരിക്കുകയാണ് മുക്കുറ്റികൾ**

ലസിക്കുക - ശോഭിക്കുക

മുക്കുറ്റികളുടെ രൂപം രസകരമായ അനുഭവമാണ് ഉണ്ടാക്കുന്നത്. മുക്കുറ്റികൾ വഴികൾ നിറയെ ദീപക്കുറ്റികൾ കത്തിച്ച് കാത്തിരിക്കുന്ന മനുഷ്യരെപ്പോലെയാണെന്ന് കവി സങ്കല്പിക്കുന്നു. മവേലിമന്നൻ എപ്പോഴാണ് വരുന്നതെന്നറിയാതെ മഴകൊണ്ട് തളർന്ന കൈവിരലുകളുമായി മുക്കുറ്റിച്ചെടികൾ കത്തിക്കാനുള്ള തിരികൾ തെറുത്ത് വെച്ച് മാവേലിമന്നനെ വരവേൽക്കാൻ വഴികളിൽ ദീപക്കുറ്റികൾ നാട്ടി കത്തിക്കാനുള്ള മുഹൂർത്തവും നോക്കിയിരിക്കുകയാണ്. ഉത്സവകാലങ്ങളിൽ ക്ഷേത്രത്തിലെ എഴുന്നള്ളത്ത് നടക്കുമ്പോൾ എഴുന്നള്ളത്ത് കടന്നു പോകുന്ന വഴികളിലെല്ലാം വിളക്കുകൾ കത്തിച്ച് ദേവനെ വരവേൽക്കുന്ന കാഴ്ച ഏവർക്കും സുപരിചിതമാണ്. അത്തരത്തിൽ ഇവിടെ പ്രകൃതിയിലെ അംഗമായ മുക്കുറ്റികളും ദീപക്കുറ്റികൾ നാട്ടി മാവേലി മന്നൻ വരുവാനായി കാത്തു നിൽക്കുകയാണെന്നാണ് കവി ഭാവന.

4. ഏതുമുറങ്ങാതെമ്പാടും...............നെയ്യാമ്പലുകൾ.(ആമ്പലുകളുടെ വർണ്ണന)

**ഒന്നു പോലും ഉറങ്ങാതെ വയലേലകൾതോറും പൊൽക്കിഴികത്തുന്ന വെള്ളിത്താലവുമെടുത്ത് നിരനിരയായി നെയ്യാമ്പലുകൾ ശോഭിക്കുന്നു.**

വയലുകളിൽ നിറയെ ആമ്പലുകൾ വിരിഞ്ഞുനിൽക്കുന്ന കാഴ്ച ഏറെ ഭംഗിയുള്ളതാണ്. വെള്ളത്തിനുമുകളിൽ പൊങ്ങിനിൽക്കുന്ന ഇലകൾക്കിടയിൽ ആമ്പൽപൂവുകൾ വിരിഞ്ഞുനിൽക്കുന്നു.രാത്രി സമയത്ത് ചന്ദ്രന്റെ പ്രകാശമേറ്റാണ് ആമ്പലുകൾ വിരിയുന്നത്. വെളുത്തപൂവിന് നടുവിൽ മഞ്ഞനിറം കാണാം. ഈ ചിത്രത്തെ മനോഹരമായ ഒരു അനുഭവമായി കവി നമുക്ക് പകർന്നു നൽകുന്നു. നടുവിൽ സ്വർണ്ണനിറത്തിൽ കത്തുന്ന കിഴികൾ വെച്ചിട്ടുള്ള വെള്ളിത്താലവുമെടുത്ത്  അതിഥിയെ സ്വീകരിക്കാൻ കാത്തുനിൽക്കുന്നവരെ നാം കാണാറുണ്ട്. അതുപോലെയാണ് ആമ്പലുകൾ വിരിഞ്ഞുനിൽക്കുന്ന കാഴ്ചയുമെന്ന് കവിയ്ക്ക് തോന്നുന്നു. ആമ്പൽപൂവിന് നടുവിലുള്ള മഞ്ഞനിറം വെള്ളിത്താലത്തിനു നടുവിൽ കത്തിച്ചുവെച്ച തിരിപോലെയുണ്ട്. മാത്രമല്ല ഈ ഒരു കല്പനയിലൂടെ ആമ്പലുകളുടെ നിൽപ്പിനെ മനുഷ്യന്റെ പ്രവൃത്തികൾക്ക് സമാനമായി അവതരിപ്പിച്ചിരിക്കുന്നു.

5. കാലേ രാവു നിറന്ന...............യെഴുന്നള്ളുകയായോണത്തപ്പൻ.

**വളരെ നേരത്തേ തന്നെ രാത്രിയിൽ നിറനിലാവാകുന്ന കമുകിൻപൂവരി തൂകിയ വഴികളിലൂടെ ഓണത്തപ്പൻ എഴുന്നള്ളുന്നു.**

തൂമ - ഭംഗി

മനോഹരമായ ഭാവന ഇവിടെയും കാണാം.  നിലാവ് നിറഞ്ഞ രാത്രിയിൽ കമുകിൻപൂവരി പോലെ വെളുത്ത നിലാവ് വീണു കിടക്കുന്ന വഴികളിലൂടെയാണ് കാലത്ത് ഓണത്തപ്പൻ എഴുന്നള്ളുന്നത്.വിശിഷ്ടാതിഥികൾ വരുന്ന വഴിയിൽ പൂക്കളാൽ പരവതാനി ഒരുക്കി അവരെ സ്വീക

രിക്കുന്നത് നാം കണ്ടിട്ടുണ്ട്. ഇവിടെ വിശിഷ്ടാതിഥി ഓണത്തപ്പനാണ് . നിലാവാകുന്ന കവുങ്ങിൻ പൂവരി തൂകിയ വഴികളിലൂടെ തന്നെ കാത്തിരിക്കുന്നവർക്കു മുന്നിലേക്ക് ഓണത്തപ്പൻ എഴുന്നള്ളിയെത്തുന്നു.

6. ആർപ്പുവിളിക്കുവിനുണ്ണികളേ........നമുക്കിനിയാരിതുപോലെ.

**ഉണ്ണികളേ,അലകടലേ ആർപ്പുവിളിക്കുക. കൊച്ചരുവികളേ,ചെറുകന്യകമാരേ നിങ്ങൾ കുരവയിടുക.ഇതുപോലെ നല്ലൊരതിഥി നമുക്ക് വേറെയാരാണുള്ളത്.**

ഓണത്തപ്പനെപ്പോലെ നല്ലൊരു അതിഥിനമുക്ക് വേറെയില്ല. അതുകൊണ്ട് പ്രകൃതിയോടും മനുഷ്യനോടും ഓണത്തപ്പനെ വരവേൽക്കാൻ കവി ആവശ്യപ്പെടുന്നു. ഉണ്ണികളോടും അലയടിച്ചുയരുന്ന കടലിനോടും ആർപ്പുവിളിയോടെ ഓണത്തപ്പനെ വരവേൽക്കണമെന്ന് കവി ആവശ്യപ്പെടുന്നു. കടലിൽ തിരമാലകൾ ആർത്തലയ്ക്കുന്ന ശബ്ദം ഓണത്തപ്പനെ വരവേൽക്കാനുള്ള ആർപ്പുവിളിയാണെന്നാണ് കവിക്ക് തോന്നുന്നത്. ചെറുകന്യകളോടും അരുവികളോടും കുരവയിട്ട് മാവേലി തമ്പുരാനെ വരവേൽക്കണം എന്നും കവി പറയുന്നു. അരുവികളുടെ കളകള ശബ്ദം കുരവയിടലായിട്ടാവാം കവി സങ്കൽപിക്കുന്നത്. ഇവിടെ പ്രകൃതിയും മനുഷ്യരും ഒത്തുചേർന്ന് ഓണത്തപ്പനെ വരവേൽക്കാനൊരുങ്ങുന്ന ചിത്രം ഏറെ ഹൃദ്യമാണ്.

7. നീളും മലയുടെ ചങ്ങലവട്ടയിൽ..............................മലർക്കളമെഴുതിക്കാത്തോരരചനെ !

**നീണ്ടു കിടക്കുന്നമലയാകുന്ന ചങ്ങലവട്ടയുടെ തിരിനാളം(തിരിനാളം ഉദിച്ചുയരുന്ന സൂര്യനാണ്) ഇളംചുവപ്പ് നിറമുള്ള വിരലാൽ നീട്ടിയും ഓമൽ കവിളു തുടുത്തും ഓണക്കോടിയുടുത്തൊരുങ്ങി അൽപം നാണത്തോടെ പരുങ്ങി വരുന്ന പ്രഭാതമേ ഞങ്ങളുടെ കൊച്ചു കിനാവുകൾ തേടിയലഞ്ഞ, മലർക്കളമെഴുതി ഞങ്ങൾ കാത്തിരിക്കുന്ന ആ അരചനെ പനിനീരാൽ കാലുകൾ കഴുകിച്ച് മലയാളത്തറവാട്ടിന്റെ മുറ്റത്ത് മണിപീഠത്തിലിരുത്തുക.**

| | |
|---|---|
| ചങ്ങലവട്ട - ചങ്ങല വിളക്ക് | പാടലം - ഇളം ചുവപ്പ് |
| ഉഷസ്സ് - പ്രഭാതം | മന്നൻ - രാജാവ് |
| അരചൻ - രാജാവ് | |

കിഴക്ക് ദിക്കിൽ നീണ്ടു കിടക്കുന്ന മലനിരകളെ ചങ്ങലവിളക്കായി സങ്കല്പിച്ചിരിക്കുന്നു. പ്രഭാതത്തിൽ ഉദിച്ചുയരുന്ന ചുവന്ന സൂര്യനാണ് വിളക്കിന്റെ തിരിനാളം.നാം വിളക്ക് കത്തിക്കുമ്പോൾ തിരി അല്പം നീട്ടി വയ്ക്കാറുണ്ട്. അതുപോലെ പുലരിയാകുന്ന പെൺകൊടി തന്റെ ചുവന്ന വിരലാൽ സൂര്യനാകുന്ന തിരിനാളം നീട്ടിയും കവിൾ ചുവന്ന് തുടുത്ത് നാണത്താൽ പരുങ്ങിയും ഓണക്കോടിയുടുത്ത് വരുമ്പോൾ അവളോട് പൂവുകൾ ശേഖരിച്ച് പൂക്കളമിട്ട് സ്വപ്നം കണ്ട് തങ്ങൾ കാത്തിരുന്ന മാവേലി മന്നനെ കാൽകഴുകിച്ച് മലയാളത്തറവാട്ടിന്റെ മുറ്റത്തെ മണിപീഠത്തിലിരുത്താൻ കവി ആവശ്യപ്പെടുന്നു. ഇവിടെ തിരി നീട്ടൽ വളരെ പതുക്കെയുള്ള ഉദയസൂര്യന്റെ വരവിനെയാണ് സൂചിപ്പിക്കുന്നത്. ഉദയ സൂര്യന് ചുവപ്പ് നിറമാണ്. സൂര്യൻ ഉദിച്ചു വരുമ്പോൾ ആ നിറം അന്തരീക്ഷത്തിലും കിഴക്കൻ ആകാശത്തിലും നിറയെ വ്യാപിച്ചിരിക്കും. ഇതാണ് കവിൾ തുടുത്ത് നിൽക്കുന്ന പ്രഭാതം എന്ന ഭാവനയിലേക്ക് കവിയെ എത്തിച്ചത്.വളരെ സാവധാനമാണ് പ്രഭാതം കടന്നുവരുക. പ്രഭാതത്തിന്റെ മെല്ലെയുള്ള വരവിനെ നാണത്താൽ പരുങ്ങിയുള്ള വരവായി ചിത്രീകരിച്ചതും മനോഹരമായിരിക്കുന്നു.

8. പഴയൊരുപുള്ളുവനാണല്ലോ......................നെല്ലുകിടച്ചാലായി.

**ഞാൻ പഴയൊരു പുള്ളുവനാണ്. പായും കുടയും നെയ്യുന്നതിനോടൊപ്പം പലതരം കൈവേലകളും ചെയ്യും.പുഞ്ച കൊയ്യുന്ന കാലത്ത് കറ്റ മെതിച്ച് കിതയ്ക്കുന്ന ഗ്രമപ്പെൺകൊടിമാരുടെ കരളുകൾ തുള്ളിക്കാനും കാലുകൾ നൃത്തം ചെയ്യാനും പാകത്തിലുള്ള മനോഹരമായ നാടൻപാട്ടുകൾ പാടിക്കൊണ്ട് ഞാനും എന്റെ കയ്യിലെ വീണപ്പെണ്ണും അവരുടെ അടുത്തിരിക്കുന്നു.ഒന്നു ചവയ്ക്കാൻ വെറ്റിലയോ കൊറിക്കാൻ അല്പം നെല്ലോ കിട്ടിയാലായി.**

കലവികൾ - കളികൾ കിടയ്ക്കുക - കിട്ടുക

ഈ വരികളിൽ കവിത മറ്റൊരു തരത്തിലേക്ക് വഴിമാറുന്നു. ആദ്യ ഭാഗത്ത് മാവേലിമന്നനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പ്രകൃതിയും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും വ്യക്തമാക്കുന്നു. ഈ ഭാഗത്ത് കവി താൻ ഒരു പുള്ളുവനാണെന്ന് പറഞ്ഞുകൊണ്ട് തന്നെക്കുറിച്ച് വിശദീകരിക്കുകയാണ്. വിവിധ കരവേലകൾ ചെയ്യുന്നതോടൊപ്പം പായും കുടയും നെയ്ത് സ്വയം അധ്വാനത്തിന്റെ ഭാഗമാവുന്നവനാണ് പുള്ളുവൻ. പുഞ്ചകൾ കൊയ്യുന്ന കാലത്ത് കറ്റമെതിച്ച് കിതയ്ക്കുന്ന പെൺകൊടിമാർക്ക് ജോലിയുടെ അധ്വാനഭാരം കുറച്ച് ക്ഷീണം മറികടക്കാനും അവരുടെ ദുഃഖങ്ങൾ മറികടന്ന് മനസ്സ് തുളുമ്പാനും കാലുകളെ ചടുലമായ രീതിയിൽ നൃത്തം ചെയ്യിക്കാനും പാകത്തിലുള്ള മനോഹരമായ നാടൻ പാട്ടുകൾ പാടി അവനും കയ്യിലെ വീണയും അവർക്കൊപ്പം നിൽക്കുന്നു.പ്രത്യേകിച്ച് ഒരു പ്രതിഫലവും പ്രതീക്ഷിച്ചല്ല ഇങ്ങനെ ചെയ്യുന്നത്. ചിലപ്പോൾ മുറുക്കാൻ വെറ്റിലയോ കൊറിക്കാൻ നെല്ലോ ലഭിച്ചേക്കാം എന്ന് കവി പറയുന്നു.

ഒരു തരത്തിലുമുള്ള ദോഷങ്ങളുമേൽക്കാതെ തങ്ങളെ സംരക്ഷിക്കുന്നവയാണ് പുള്ളുവപ്പാട്ടുകൾ എന്ന് പഴമക്കാർ വിശ്വസിച്ചിരുന്നു.ഒരു കാലത്തിന്റെ സംസ്കാരം നാം തിരിച്ചറിയുന്നത് ഇത്തരം പാട്ടുകളിലൂടെയാണ്. അധ്വാനിക്കുന്ന കർഷകർക്കൊപ്പം അവരുടെ ജീവിതദുരിതങ്ങൾ പാടാനും അവർക്കു വേണ്ടി ശബ്ദിക്കാനും ചുമതലപ്പെട്ട പുള്ളുവനായിരുന്നു വൈലോപ്പിള്ളി എന്ന് നമുക്ക് പറയാം.

9. ഓണക്കാലത്തുണരും........വീണപ്പെണ്ണും.

**ഞാൻ(പുള്ളുവൻ) ഓണക്കാലത്തുണരും.ഓണപ്പാട്ടുകളാണ് എന്റെ പാട്ടുകൾ.കരഞ്ഞു ചിരിച്ചു കുടഞ്ഞുകൊണ്ട് പൊന്നിൻ ചിങ്ങം പിറക്കുന്നു. ഓണത്തിന്റെ മധുരക്കറി മനോഹരമായ വായിൽത്തേച്ച്, അത് നൊട്ടിനുണഞ്ഞ് കളിക്കുന്ന കളികൾ കണ്ടുകൊണ്ട് ഓണത്തപ്പൻ പനയോലക്കുടയും ചൂടി പൂത്തറമേൽ ഇരിക്കുമ്പോൾ ഞാൻ മലയാളത്തറവാട്ടിന്റെ മുറ്റത്തെ വെൺമണലിൽ ഇരിക്കുന്നു. എന്റെ കയ്യിൽ കൊഞ്ചലോടെ പ്രിയമകളായ വീണപ്പെണ്ണ് ചാഞ്ഞുകിടക്കുന്നു.**

പുള്ളുവൻമാർ ഓണക്കാലത്ത് നേരത്തെ ഉണരും. വിവിധ പാട്ടുകൾപാടി സഞ്ചരിച്ചുകൊണ്ടേയിരിക്കും. ഓണക്കാലത്ത് ഓണവുമായി ബന്ധപ്പെട്ട പാട്ടുകളാണ് പുള്ളുവർ പാടുന്നത്.വൈലോപ്പിള്ളിയെ വായനക്കാർ ഓണപ്പാട്ടുകാരനായി വിശേഷിപ്പിക്കാറുണ്ട്. ഇവിടെ പുള്ളുവൻ എന്നത് വൈലോപ്പിള്ളി തന്നെയാണ്.ഓണത്തെക്കുറിച്ച് പാടി പുകഴ്ത്തുന്ന പുള്ളുവനാണ് താൻ എന്നു തന്നെയാണ് കവി ഇവിടെ പറയുന്നത്. കള്ളവും ചതിയുമില്ലാത്ത ആ നല്ല നാളുകൾ തിരിച്ചു കിട്ടാൻ വേണ്ടിയാണ് കവി പാടിക്കൊണ്ടിരിക്കുന്നത്.

ഒരുകുട്ടിയപ്പോലെ ചിരിച്ചും കരഞ്ഞും കുടഞ്ഞും കൊണ്ട് ചിങ്ങമാസം പിറക്കുന്നു. ചിങ്ങമാസത്തിന്റെ അന്തരീക്ഷം നമുക്ക് ചിരപരിചിതമാണ്. ചാറ്റൽ മഴയും ഇളംവെയിലും മാറി മാറി വരും. ചിലപ്പോൾ കാറ്റും കൂട്ടിനെത്താറുണ്ട്. ഇതിനെയാണ് കരച്ചിലും ചിരിയും കുടയലുമായി കവി വർണ്ണിച്ചത്. വിവിധ തരത്തിലുള്ള കറികളും വിവിധ രുചികളുള്ള പായസവും ചേർന്ന ഓണസദ്യ ആസ്വദിച്ച് കഴിച്ച് സംതൃപ്തിയോടെ ഓണക്കാലത്തെ വിവിധ കളികളിൽ നാം ഏർപ്പെട്ടിരിക്കുമ്പോൾ നമ്മുടെ കളികൾ നോക്കി പൂത്തറമേൽ പനയോലക്കുടയും ചൂടി നമ്മുടെ മാവേലിമന്നൻ ഇരിക്കുന്നുണ്ട്. ആ സമയത്ത് മാവേലി മന്നനെയും നോക്കി ആദരവോടെ പുള്ളുവൻ തന്റെ കയ്യിലെ കവിതയാകുന്ന വീണയുമായി മലയാളത്തറവാട്ടിന്റെ മുറ്റത്തെ വെൺമണലിൽ ഇരിക്കുന്നു.

**10. പഴമയിലിഴയും..........മഹാബലിമന്നൻ.**

**പരിഷ്കാരത്തിന്റെ തിണ്ണയിലിരിക്കുന്നവർ എന്റെ പാട്ടിനെ പഴമയിലിഴയുന്ന പല്ലുകൊഴിഞ്ഞ പാട്ടാണെന്ന് പഴിച്ചേക്കാം.പാട്ടിഷ്ടപ്പെടാത്ത ഇവർ പഴവും അരിയും പപ്പടവും**

**തന്ന് ആവുന്നത്ര വേഗത്തിൽ തന്നെ പറഞ്ഞയച്ചേക്കാം.എന്നാൽ ഇവർ എന്റെ അഭിമാനം അറിയുന്നില്ല.എന്റെ മുന്നിൽ ഗോമേദകങ്ങൾമിന്നുന്ന സ്വർണ്ണസിംഹാസനത്തിൽ മുത്തുക്കുടയും ചൂടി മൂന്നു ലോകവും ഭരിച്ച മഹാബലി മന്നൻ ഇരിക്കുന്നു.**

ഗോമേദകം - നവരത്നങ്ങളിലൊന്ന്

പരിഷ്കാരത്തിന്റെ തിണ്ണയിലിരിക്കുന്നവർ പുള്ളുവൻ പാട്ടിനെ പഴമയിലിഴയുന്ന പല്ലുകൊഴിഞ്ഞ പാട്ടാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തുന്നു.പുതിയ കാലത്തെ സിനിമാറ്റിക് നൃത്തങ്ങളും പാശ്ചാത്യ സംഗീതവും മാത്രം മികച്ചതായി കാണുന്ന ഇവർക്ക് നാടോടി സാഹിത്യങ്ങളിൽ വർണ്ണിക്കപ്പെടുന്ന കാർഷിക സംസ്കൃതിയും നാട്ടറിവുകളും മാനവസംസ്കാരവുമൊന്നും ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ടാണ് നാവേറും കണ്ണേറും കൊള്ളാതെ നമ്മെ കാത്തു പോരുന്ന പാട്ടിനെ പല്ലുകൊഴിഞ്ഞ പാട്ടായി കാണുന്നത്. പരിഷ്കാരത്തിന്റെ തിണ്ണയിലിരിക്കുന്നവർ എന്ന പ്രയോഗവും ശ്രദ്ധിക്കണം. മണ്ണിലേക്കിറങ്ങാതെ സമൂഹത്തിന്റെയോ കൂട്ടായ്മയുടെയോ ഭാഗമാവാതെ സ്വന്തം കാര്യം മാത്രം പ്രധാനമായി കാണുന്നവരാണ് ഇവർ.ഓണം സമത്വത്തിന്റെ ആഘോഷമാണ്.എന്നാൽ ഇവർ മറ്റുള്ളവരെയൊന്നും പരിഗണിക്കാതെ ഓണത്തിന്റെ സമത്വ വീക്ഷണവും കൂട്ടായ്മയും ഉൾക്കൊള്ളാതെ ആഢ്യത്വം നടിച്ച് ഈ പാട്ടുകൾ ഇഷ്ടപ്പെടാതെ ആചാര പ്രകാരം അരിയും പഴവും പപ്പടവും തന്ന് എത്രയും പെട്ടെന്ന് ഒരു ശല്യത്തെ ഒഴിവാക്കുന്ന മട്ടിൽ പുള്ളുവരെ പറഞ്ഞയക്കാൻ നോക്കും.എന്തിന് ഓണത്തിന്റെ ഐതീഹ്യവും കളികളുമെല്ലാം ഇന്നത്തെ തലമുറയ്ക്ക് വെറുമൊരു കൗതുകമാണ്. ടെലിവിഷനിൽ നിറയുന്ന ആഘോഷങ്ങളിലേക്ക് ഓണനാളുകൾ ചുരുങ്ങിപ്പോകുന്നു.പൂത്തട്ടിന് മുന്നിൽ വെൺമണലിലിരുന്ന് പാട്ടു പാടുന്ന പുള്ളുവന്റെ ആത്മാഭിമാനം എത്രത്തോളമാണെന്ന് പരിഷ്കാരികൾ അറിയുന്നില്ല.കാരണം പുള്ളുവന്റെ മുന്നിൽ അവന്റെ പാട്ടു കേട്ടുകൊണ്ട് ഗോമേദകങ്ങൾ മിന്നുന്ന സ്വർണ്ണ സിംഹാസനത്തിൽ മൂന്നുലോകവും ഭരിച്ച മഹാബലി മന്നൻ ഇരിക്കുന്നുണ്ട്. ആര് കേട്ടില്ലെങ്കിലും പുള്ളുവന്റെ പാട്ട് വലുപ്പച്ചെറുപ്പങ്ങളില്ലാതെ എല്ലാവരെയും ഒരുപോലെ കാണുന്ന മഹാബലിമന്നൻ കേൾക്കുന്നുണ്ട് എന്നത് പുള്ളുവന് അഭിമാനമാണ്.



**കവിതയിൽ മനുഷ്യഭാവം നിഴലിക്കുന്ന ഭാഗങ്ങൾ.**

1. തുമ്പച്ചെടിയെ പൂവൊരുക്കി പൂക്കുടയിൽ പൂനിറച്ച് മാവേലി മന്നനെ വരവേൽക്കാൻ കാത്തു നിൽക്കുന്ന മനുഷ്യരുടെ ചിത്രത്തിന് സമാനമായി അവതരിപ്പിച്ചിരിക്കുന്നു

2.കത്തിക്കാനുള്ള തിരികൾ തെറുത്ത് വെച്ച് മാവേലിമന്നനെ വരവേൽക്കാൻ വഴികളിൽ ദീപക്കുറ്റികൾ നാട്ടി കത്തിക്കാനുള്ള മുഹൂർത്തവും നോക്കിയിരിക്കുന്ന മുക്കുറ്റിച്ചെടികളിൽ മനുഷ്യഭാവം കാണാം.

3. നടുവിൽ സ്വർണ്ണനിറത്തിൽ കത്തുന്ന കിഴികൾ വെച്ചിട്ടുള്ള വെള്ളിത്താലവുമെടുത്ത് അതിഥിയെ സ്വീകരിക്കാൻ കാത്തുനിൽക്കുന്നവരെപ്പോലെയാണ് കവിയുടെ കാഴ്ചയിൽ നെയ്യാമ്പലുകളുടെ നിൽപ്.

4. പുലരിയാകുന്ന പെൺകൊടി തന്റെ ചുവന്ന വിരലാൽ സൂര്യനാകുന്ന തിരിനാളം നീട്ടിയും കവിൾ ചുവന്ന് തുടുത്ത് നാണത്താൽ പരുങ്ങിയും ഓണക്കോടിയുടുത്ത് വരുന്നതായി പറയുന്നതിലും മനുഷ്യഭാവം തന്നെയാണ് കാണാനാവുന്നത്



## ചോദ്യശേഖരം

**1 . പ്രകൃതി മഹാബലിയെ വരവേൽക്കാൻ ഒരുങ്ങിനിൽക്കുന്നത് എങ്ങനെ ?**

മഴയത്ത് തണുത്തു വിറച്ച് പറമ്പിലെല്ലാം പൂവിട്ടു നിൽക്കുന്ന തുമ്പച്ചെടി പൂവൊരുക്കി പൂക്കുടയിൽ പൂ നിറച്ചുകൊണ്ട് മഹാബലി മന്നന്റെ വരവ് പ്രതീക്ഷിച്ച് നിൽക്കുകയാണ്. മുക്കുറ്റി ച്ചെടികൾ തിരികൾ തെറുത്തു വെച്ച് മഹാബലി മന്നൻ കടന്നു വരുന്ന വഴിയിൽ ദീപക്കുറ്റികൾ നാട്ടി കത്തിക്കാനുള്ള മുഹൂർത്തവും നോക്കി കാത്തിരിക്കുന്നു. നടുവിൽ സ്വർണ്ണ നിറത്തിൽ കത്തുന്ന കിഴികൾ വെച്ച വെള്ളിത്താലമെടുത്തതുപോലെ ആമ്പലുകളും പ്രിയപ്പെട്ട അതിഥിയെ വരവേൽക്കാൻ ഒരുങ്ങിനിൽക്കുന്നു. മഹബലി മന്നൻ കടന്നു വരുന്ന വഴികളിൽ പൂവരി തൂകി ക്കൊണ്ട് കവുങ്ങുകളും ഈ പ്രവൃത്തിയിൽ പങ്കു ചേരുന്നു.

**2. മുക്കുറ്റിയുടെ നിൽപ്പ് കവിയ്ക്ക് അനുഭവപ്പെട്ടതെങ്ങനെ ?**

മുക്കുറ്റികളെ വഴികൾ നിറയെ ദീപക്കുറ്റികൾ കത്തിച്ച് കാത്തിരിക്കുന്ന മനുഷ്യരെപ്പോ ലെയാണ് കവി സങ്കല്പിക്കുന്നത്. മവേലിമന്നൻ എപ്പോഴാണ് വരുന്നതെന്നറിയാതെ മഴകൊണ്ട് തളർന്ന കൈവിരലുകളുമായി മുക്കുറ്റിച്ചെടികൾ തിരികൾ തെറുത്ത് വെച്ച് മാവേലിമന്നനെ വര വേൽക്കാൻ വഴികളിൽ ദീപക്കുറ്റികൾ നാട്ടി കത്തിക്കാനുള്ള മുഹൂർത്തവും നോക്കിയിരിക്കുക യാണ്. ഉത്സവകാലങ്ങളിൽ ക്ഷേത്രത്തിലെ എഴുന്നള്ളത്ത് നടക്കുമ്പോൾ എഴുന്നള്ളത്ത് കടന്നു പോകുന്ന വഴികളിലെല്ലാം വിളക്കുകൾ കത്തിച്ച് ദേവനെ വരവേൽക്കുന്ന കാഴ്ച ഏവർക്കും സുപരിചിതമാണ്. ഇവിടെ പ്രകൃതിയിലെ അംഗമായ മുക്കുറ്റികൾ അങ്ങനെ ദീപക്കുറ്റികൾ നാട്ടി മാവേലിമന്നൻ വരുവാനായി കാത്തു നിൽക്കുന്നുവെന്ന വർണ്ണനയ്ക്ക് ഏറെ കൗതുകമുണ്ട്.

**3. നെയ്യാമ്പലുകളുടെ നിൽപ്പിനെ കവി വർണ്ണിക്കുന്നതെങ്ങനെ ?**

വയലുകളിൽ നിറയെ ആമ്പലുകൾ വിരിഞ്ഞുനിൽക്കുന്ന കാഴ്ച ഭംഗിയുള്ളതാണ്. വെ ള്ളത്തിനുമുകളിൽ പൊങ്ങിനിൽക്കുന്ന ഇലകൾക്കിടയിൽ ആമ്പൽപൂവുകൾ വിരിഞ്ഞുനിൽക്കു ന്നു.വെളുത്തപൂവിന് നടുവിൽ മഞ്ഞനിറം കാണാം. ഈ ചിത്രത്തെ മനോഹരമായ ഒരു അനുഭ വമായി കവി നമുക്ക് പകർന്നു നൽകുന്നു. നടുവിൽ സ്വർണ്ണനിറത്തിൽ കത്തുന്ന കിഴികൾ വെച്ചി ട്ടുള്ള വെള്ളിത്താലവുമെടുത്ത് അതിഥിയെ സ്വീകരിക്കാൻ കാത്തുനിൽക്കുന്നവരെ നാം കാണാറുണ്ട്. അതുപോലെയാണ് ആമ്പലുകൾ വിരിഞ്ഞുനിൽക്കുന്ന കാഴ്ചയുമെന്ന് കവിയ്ക്ക് തോന്നുന്നു. ആമ്പൽ പൂവിന് നടുവിലുള്ള മഞ്ഞനിറം വെള്ളിത്താലത്തിനു നടുവിൽ കത്തിച്ചു വെച്ച തിരിപോലെയുണ്ട്. മാത്രമല്ല ഈ ഒരു കല്പനയിലൂടെ ആമ്പലുകളുടെ നിൽപ്പിനെ മനു ഷ്യന്റെ പ്രവൃത്തികൾക്ക് സമാനമായി അവതരിപ്പിച്ചിരിക്കുന്നു.

**4. ഓണത്തപ്പൻ എഴുന്നെള്ളിയ വഴികൾ എങ്ങനെയുള്ളതായിരുന്നു ?**

നിലാവ് നിറഞ്ഞ രാത്രിയിൽ കമുകിൻപൂവരി വിതറിയ വഴികളിലൂടെയാണ് ഓണത്തപ്പൻ മാമല നാട്ടിലേക്ക് എഴുന്നള്ളിയെത്തുന്നത്.വിശിഷ്ടാതിഥികൾ വരുന്ന വഴിയിൽ പൂക്കളാൽ പര വതാനി ഒരുക്കി അവരെ സ്വീകരിക്കുന്നത് നാം കണ്ടിട്ടുണ്ട്. ഇവിടെ വിശിഷ്ടാതിഥി ഓണത്തപ്പ നാണ് .

**5. കുട്ടികളോടും ,അലകടലിനോടും കൊച്ചരുവികളോടും ചെറു കന്യകളോടും കവി ആവ ശ്യപ്പെടുന്നതെന്ത് ?**

ഓണത്തപ്പനെക്കാൾ മികച്ച അതിഥി മലയാളികൾക്ക് വേറെയില്ല. അതുകൊണ്ടു തന്നെ


sreeneshn1@gmail.com 9645887266

കുരവയിട്ടും ആർപ്പു വിളിച്ചും ഓണത്തപ്പനെ വരവേൽക്കാൻ കുട്ടികളോടും അലയടിച്ചാർക്കുന്ന കടലിനോടും കവി ആവശ്യപ്പെടുന്നു.കവിയുടെ ഭാവനയിൽ കടൽത്തിരകളുടെ ഇരമ്പൽ ഓണത്തപ്പനെ വരവേൽക്കാനുള്ള ആർപ്പു വിളികളാവാം. അതേപോലെ അരുവികളുടെ കളകള ശബ്ദം കുരവയിടലുമാകാം.മനുഷ്യനെന്നോ പ്രകൃതിയെന്നോ ഭേദമില്ലാതെ എല്ലാവരും ഓണത്തപ്പനെ വരവേൽക്കുന്നുവെന്ന കവികൽപന ശ്രദ്ധേയമാണ്.

**6. നീളും മലയുടെ ചങ്ങലവട്ടയിൽ**

**.....................................................**

**മോണക്കോടിയുടുത്തൊരുഷസ്സേ – പ്രയോഗഭംഗി വ്യക്തമാക്കുക.**

കിഴക്ക് ദിക്കിൽ നീണ്ടു കിടക്കുന്ന മലനിരകളെ ചങ്ങലവിളക്കായി സങ്കല്പിച്ചിരിക്കുന്നു.പ്രഭാതത്തിൽ ഉദിച്ചുയരുന്ന ചുവന്ന സൂര്യനാണ് വിളക്കിന്റെ തിരിനാളം.നാം വിളക്ക് കത്തിക്കുമ്പോൾ തിരി അല്പം നീട്ടി വയ്ക്കാറുണ്ട്. അതുപോലെ പുലരിയാകുന്ന പെൺ കൊടി തന്റെ ചുവന്ന വിരലാൽ സൂര്യനാകുന്ന തിരിനാളം നീട്ടിയും കവിൾ ചുവന്ന് തുടുത്ത് നാണത്താൽ പരുങ്ങിയും ഓണക്കോടിയുടുത്തുവരുന്നുവെന്നാണ് കവിയുടെ വർണ്ണന. ഈ വർണ്ണനയ്ക്ക് തീർത്തും യോജിക്കുന്ന രീതിയിലാണ് പുലർകാലത്തിന്റെ ചിത്രം. അതിനെ വളരെയധികം ഭാവാത്മകമായി ചിത്രീകരിക്കാൻ കവിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഉദയത്തിന്റെ കാഴ്ചയെ ഇത്തരത്തിൽ മനുഷ്യന്റെ പ്രവൃത്തികളോടും ഭാവത്തോടും ചേർത്തുവെച്ച് വർണ്ണിച്ചത് കൗതുകമുണർത്തുന്നു.

**7. പുതു സമൂഹം ഓണപ്പാട്ടുകളെ കാണുന്നതെങ്ങനെ ?**

**അല്ലെങ്കിൽ**

**പരിഷ്കാരികൾ പുള്ളുവൻ പാട്ടിനെ വിമർശിക്കുന്നതെങ്ങനെ ? പുതു സമൂഹത്തിന്റെ ഓണപ്പാട്ടുകളെക്കുറിച്ചുള്ള മനോഭാവം എങ്ങനെയുള്ളതാണെന്നാണ് കവിയുടെ അഭിപ്രായം.**

പരിഷ്കാരത്തിന്റെ തിണ്ണയിലിരിക്കുന്നവർ പുള്ളുവൻ പാട്ടിനെ പഴമയിലിഴയുന്ന പല്ലു കൊഴിഞ്ഞ പാട്ടാണെന്ന് പറഞ്ഞ് കുറ്റപ്പെടുത്തുന്നു.പുതിയ കാലത്തെ സിനിമാറ്റിക് നൃത്തങ്ങളും പാശ്ചാത്യ സംഗീതവും മാത്രം മികച്ചതായി കാണുന്ന ഇവർക്ക് നാടോടി സാഹിത്യങ്ങളിൽ വർണ്ണിക്കപ്പെടുന്ന കാർഷിക സംസ്കൃതിയും നാട്ടറിവുകളും മാനവസംസ്കാരവുമൊന്നും ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ടാണ് നാവേറും കണ്ണേറും കൊള്ളാതെ നമ്മെ കാത്തു പോരുന്ന പാട്ടിനെ പല്ലുകൊഴിഞ്ഞ പാട്ടായി കാണുന്നത്.

**8. പുള്ളുവർ എന്തെല്ലാം ചെയ്താണ് ജീവിതം മുന്നോട്ടു കൊണ്ടു പോയത് ?**

വിവിധ കരവേലകൾ ചെയ്യുന്നതോടൊപ്പം പായും കുടയും നെയ്ത് സ്വയം അധ്വാനത്തിന്റെ ഭാഗമാവുന്നവനാണ് പുള്ളുവൻ. പുഞ്ചകൾ കൊയ്യുന്ന കാലത്ത് കറ്റമെതിച്ച് കിതയ്ക്കുന്ന പെൺകൊടിമാർക്ക് ജോലിയുടെ അധ്വാന ഭാരം കുറച്ച് ക്ഷീണം മറികടക്കാനും അവരുടെ ദുഃഖങ്ങൾ മറികടന്ന് മനസ്സ് തുളുമ്പാനും കാലുകളെ ചടുലമായ രീതിയിൽ നൃത്തം ചെയ്യിക്കാനും പാകത്തിലുള്ള മനോഹരമായ നാടൻ പാട്ടുകൾ പാടി അവനും കയ്യിലെ വീണയും അവർക്കൊപ്പം നിൽക്കുന്നു.പ്രത്യേകിച്ച് ഒരു പ്രതിഫലവും പ്രതീക്ഷിച്ചല്ല ഇങ്ങനെ ചെയ്യുന്നത്. ചിലപ്പോൾ മുറുക്കാൻ വെറ്റിലയോ കൊറിക്കാൻ നെല്ലോ ലഭിച്ചേക്കാം എന്ന് കവി പറയുന്നു.

**9. ഓണക്കാലത്ത് ഉണരുന്ന പുള്ളുവന്റെ പാട്ടുകൾ എന്തിനെക്കുറിച്ചുള്ളതായിരുന്നു ?**

പുള്ളുവൻമാർ ഓണക്കാലത്ത് നേരത്തെ ഉണരും. വിവിധ പാട്ടുകൾപാടി സഞ്ചരിച്ചുകൊണ്ടേയിരിക്കും. ഓണക്കാലത്ത് ഓണവുമായി ബന്ധപ്പെട്ട പാട്ടുകളാണ് പുള്ളുവർ പാടുന്നത്.

**10. പൂത്തറമേൽ പനയോലക്കുടയും ചൂടിയിരിക്കുമ്പോൾ മഹാഹലി മന്നൻ കണ്ടു രസിക്കുന്ന**

**കാഴ്ചകൾ എന്തെല്ലാമായിരിക്കാം ?**

വിവിധ തരത്തിലുള്ള കറികളും വിവിധ രുചികളുള്ള പായസവും ചേർന്ന ഓണ സദ്യ ആസ്വദിച്ച് കഴിച്ച് സംതൃപ്തിയോടെ ഓണക്കാലത്തെ വിവിധ കളികളിൽ നാം ഏർപ്പെട്ടിരിക്കുമ്പോൾ നമ്മുടെ കളികൾ നോക്കി പൂത്തറമേൽ പനയോലക്കുടയും ചൂടി നമ്മുടെ മാവേലിമന്നൻ ഇരിക്കുന്നുണ്ട്. ആ സമയത്ത് മാവേലി മന്നനെയും നോക്കി ആദരവോടെ പുള്ളുവൻ തന്റെ കയ്യിലെ കവിതയാകുന്ന വീണയുമായി മലയാളത്തറവാട്ടിന്റെ മുറ്റത്തെ വെൺമണലിൽ ഇരിക്കുന്നു.

**11. ഇവരറിയുന്നീലെന്നഭിമാനം- കവി അഭിമാനിക്കുവാനുള്ള കാരണമെന്ത് ?**

ഓണത്തിന്റെ ഐതീഹ്യവും കളികളുമെല്ലാം ഇന്നത്തെ തലമുറയ്ക്ക് വെറുമൊരു കൗതുകമാണ്. ടെലിവിഷനിൽ നിറയുന്ന ആഘോഷങ്ങളിലേക്ക് ഓണനാളുകൾ ചുരുങ്ങിപ്പോകുന്നു.പൂത്തട്ടിന് മുന്നിൽ വെൺമണലിലിരുന്ന് പാട്ടു പാടുന്ന പുള്ളുവന്റെ ആത്മാഭിമാനം എത്രത്തോളമാണെന്ന് പരിഷ്കാരികൾ അറിയുന്നില്ല.കാരണം പുള്ളുവന്റെ മുന്നിൽ അവന്റെ പാട്ടു കേട്ടുകൊണ്ട് ഗോമേദകങ്ങൾ മിന്നുന്ന സ്വർണ്ണ സിംഹാസനത്തിൽ മൂന്നുലോകവും ഭരിച്ച മഹാബലി മന്നൻ ഇരിക്കുന്നുണ്ട്. ആര് കേട്ടില്ലെങ്കിലും പുള്ളുവന്റെ പാട്ട് വലുപ്പച്ചെറുപ്പങ്ങളില്ലാതെ എല്ലാവരെയും ഒരുപോലെ കാണുന്ന മഹാബലിമന്നൻ കേൾക്കുന്നുണ്ട് എന്നത് പുള്ളുവന് അഭിമാനമാണ്.

**12. നാണത്തോടെ കടന്നു വരുന്ന പുലരിയോട് കവി ആവശ്യപ്പെടുന്നതെന്ത് ?**

പുലരിയാകുന്ന പെൺ കൊടി തന്റെ ചുവന്ന വിരലാൽ സൂര്യനാകുന്ന തിരിനാളം നീട്ടിയും കവിൾ ചുവന്ന് തുടുത്ത് നാണത്താൽ പരുങ്ങിയും ഓണക്കോടിയുടുത്ത് വരുമ്പോൾ അവളോട് പൂവുകൾ ശേഖരിച്ച് പൂക്കളമിട്ട് സ്വപ്നം കണ്ട് തങ്ങൾ കാത്തിരുന്ന മാവേലി മന്നനെ കാൽകഴുകിച്ച് മലയാളത്തറവാട്ടിന്റെ മുറ്റത്തെ മണിപീഠത്തിലിരുത്താൻ കവി ആവശ്യപ്പെടുന്നു.

**13. പഴയൊരു പുള്ളുവനാണല്ലോ ഞാൻ - താൻ പുള്ളുവനാണെന്ന് കവി പറയുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.**

നമ്മുടെ നാടിനെ എല്ലാവിധ ദോഷങ്ങളിൽ നിന്നും അകറ്റി നിർത്തിയ പാട്ടുകളായിട്ടാണ് പുള്ളുവൻ പാട്ടിനെ ഒരു കാലത്ത് പരിഗണിച്ചു പോന്നിരുന്നത്.അത് പാടിയ പുള്ളുവനാകട്ടെ ഒരു പ്രതിപലവും ആഗ്രഹിക്കാതെ നാടിന്റെ നന്മകളെ പാടി ഉണർത്തിക്കൊണ്ടിരുന്നു. ഇതു തന്നെയാണ് ഒരു കവിയുടെ ധർമം.ഇതു തന്നെയാണ് വൈലോപ്പിള്ളിയും ചെയ്യുന്നത്. നാടിന്റെ കാർഷിക പാരമ്പര്യത്തെയും സംസ്കൃതിയെയും ആരു തന്നെ വിസ്മരിച്ചാലും വൈലോപ്പിള്ളിക്ക് അതിനു കഴിയില്ല. പായും കുടയും നെയ്യുന്ന പുള്ളുവൻ അധ്വാനത്തിന്റെ മഹത്ത്വം തിരിച്ചറിഞ്ഞവനാണ്. അധ്വാനിക്കുന്ന ജനതയ്ക്കൊപ്പം നിന്ന് അവരുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അവർക്കു വേണ്ടി പാടുന്ന കവിയാണ് താനെന്ന് വൈലോപ്പിള്ളി വ്യക്തമാക്കുന്നു. നമ്മുടെ നാടിന്റെ സംസ്കാരത്തെയും പാരമ്പര്യത്തെയും സംരക്ഷിക്കുകയാണ് തന്റെ ധർമം എന്ന് കവി വിശ്വസിക്കുന്നു.

**14. ഞങ്ങടെ കൊച്ചു കിനാവുകൾ തേടിയലഞ്ഞു**
**മലർക്കളമെഴുതിക്കാത്തോരരചനെ-- മലയാളികൾ അവരുടെ കിനാവുകളിൽ നിറച്ചതെന്ത് ?**

ഓണക്കാല പ്രകൃതിയും ഓണക്കാല അനുഭവങ്ങളും എന്നും നമ്മുടെ മനസ്സിൽ മായാതെ നിൽക്കുന്നു. മലയാളികൾ അവരുടെ സ്വപ്നങ്ങളിൽ പൂക്കളമെഴുതി കാത്തിരുന്നത് മഹാബലിമന്നനെയാണ്.ഓണക്കാലത്തിന്റെ ഒരിക്കലും മായാത്ത ഓർമകളാണ് നമ്മൾ കിനാവുകളിൽ

നിറച്ചതെന്നു പറയാം.

**15. പുള്ളുവർ പാട്ട് പാടിയത് എന്തിനായിരുന്നു എന്നതിന്റെ സൂചന കവിതയിലുണ്ടോ ? വിശദമാക്കുക.**

**അല്ലെങ്കിൽ**

**തന്റെ പാട്ടിന്റെ ലക്ഷ്യത്തെക്കുറിച്ച് പുള്ളുവൻ പറയുന്നതെന്ത് ?**

ഒരു തരത്തിലുമുള്ള പ്രതിഫലവും പ്രതീക്ഷിച്ചല്ല പള്ളുവർ പാടുന്നത്.പുള്ളുവനെ സംബന്ധിച്ച് അയാളുടെ പാട്ടിന്റെ ലക്ഷ്യം അധ്വാനിക്കുന്നവരുടെ ക്ഷീണവും പ്രയാസങ്ങളും സങ്കടങ്ങളും അകറ്റി അവർക്ക് സന്തോഷം പകരുകയെന്നതു മാത്രമാണ്. ഇതിനിടയ്ക്ക് ജീവിക്കാനുള്ള വക അവർക്ക് കിട്ടിയാലായി. പുതിയ കാലത്തിന്റെ പുള്ളുവനായ വൈലോപ്പിള്ളിയുടെ ലക്ഷ്യം നാടിന്റെ സംസ്കാരവും പൈതൃകവും കാത്തുരക്ഷിക്കുക മാത്രമാണ് എന്ന് കവി തന്നെ പ്രഖ്യാപിക്കുന്നുണ്ട്.

**ശ്രീനേഷ്.എൻ**
**9645887266**
**എച്ച്.എസ്.ടി മലയാളം**
**ജി.വി.എച്ച്.എസ്.എസ്.കൊയിലാണ്ടി**
**കോഴിക്കോട്**